ശ്രീ. ടി. കെ. ദിവാകരൻ : ഇ. എസ്സ്. എ. സി. പാസ്സായ രണ്ടു ക്ലാർക്കിനു ലഭിക്കുന്ന ശമ്പളത്തേക്കാൾ കുറവാണോ ഈ വൈദ്യന്മാർക്ക് ലഭിക്കുന്നതെന്നറിയാമോ ?

ശ്രീ. എ. എ. റഹീം : അതിൽ കുറയാതെ കിട്ടേണ്ടതാണെന്നാണെന്റെ അഭിപ്രായം.

ശ്രീ. ടി. കെ. ദിവാകരൻ : അതുസംബന്ധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. എ. റഹീം : അതുസംബന്ധിച്ചുള്ള തീരുമാനം ഗവണ്മെന്റ് എടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അതുസംബന്ധിച്ചു നടപടി എന്ന് എടുക്കുമെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : എന്നെടുക്കുമെന്ന് കൃത്യമായി പറയാൻ നിവൃത്തിയില്ല.

Police Atrocities.

* 622. [19] SHRI P. V. AVIRA THARAKAN : Will the Home Minister be pleased to state :

(a) the number of petitions received in the months of April and May 1955 against the police atrocities;

(b) how many persons died in the lock-up in 1954-55 (up to July 30th);

(c) the reason for the death of one Pappoo of Angamali;

(d) have the Government made any enquiry other than police enquiry;

(e) had he given a statement before a Magistrate before his death;

(f) how long he was unconscious; and

(g) how many injuries had he on his body ?

MR. SPEAKER : Question No 19 has been answered.

SHRI P. V. AVIRA THARAKAN : I want answers to sub-divisions (d), (e) and (f) of that question.

Home Minister (SHRI A. J. JOHN) :

(d) Government have ordered the Additional District Magistrate, Trichur, to conduct an enquiry into the death of Pappoo of Angamali and the enquiry has not been completed.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : അതേപ്പറ്റി എൻക്വയറി നടത്തുകയില്ല എന്ന് പോലീസുമന്ത്രി പറഞ്ഞതിനുശേഷം പിന്നെയും ഈ എൻക്വയറി നടത്താൻ കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : പിന്നെയും സഭയിലെ മെംബറന്മാർ പല പ്രാവശ്യവും ആവശ്യപ്പെട്ടതുകൊണ്ട് എൻക്വയറി നടത്തുകയാണ ചെയ്തിട്ടുള്ളത്.

ശ്രീ. പി. വി. അവിരാ തരകൻ. സർ, (ഈ)-യുടെയും, (എഫ്)-ന്റെയും ആൻസർ പറഞ്ഞില്ല.

ശ്രീ. എ. ജെ. ജാൺ : (ഈ & എഫ്) ഉണ്ടെന്നാണ് തോന്നുന്നത്. ഇക്കാര്യം എൻക്വയറിയിൽ ഇരിക്കുന്നതുകൊണ്ട് അതേപ്പറ്റി പറയുന്നില്ല.

ശ്രീ. പി. വി. അവിരാ തരകൻ : ഈ കാസ്റ്റ്യൽ നേരത്തെ അയച്ചതാണ്. അതിനൊരു ആൻസർ കിട്ടണം.

ശ്രീ. എ. ജെ. ജാൺ : അതിന്റെ ഉത്തരം തൽക്കാലം കൈവശമില്ല.

ശുദ്ധജലവിതരണം.

* 623. [21] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കടലോരപ്രദേശങ്ങളിൽ ശുദ്ധജലം നൽകുന്നതിന് ഗവണ്മെന്റിനുള്ള സ്കീം എന്താണ് ;

(ബി) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട തൃത്തിപ്പുറത്തെ ശുദ്ധജലദൌർല്ലഭ്യത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അതിൽ എടുത്ത നടപടി എന്ത് ;

(ഡി) അവിടെ ഒരു കുഴൽക്കിണർ കുഴിക്കുന്നതിൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

മി. സ്പീക്കർ : ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : (ബി, സി, ഡി) ഇവയുടെ ഉത്തരം കിട്ടിയിട്ടില്ല.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(ബി) ഇരിഞ്ഞാലക്കുടയിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.

(സി & ഡി) അതിൽ എടുത്തനടപടി എന്താണെന്നുള്ള ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇരിഞ്ഞാലക്കുടയിൽനിന്നും പരാതികിട്ടിയിട്ടുണ്ടോ എന്നല്ല എന്റെ ചോദ്യം. ആ നിയോജകമണ്ഡലത്തിൽപ്പെട്ട തൃത്തിപ്പുറത്തുനിന്നും പരാതി ലഭിച്ചിട്ടുണ്ടോ എന്നാണ്.

ശ്രീ. എ. [illegible] റഹീം : ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly